പതിമൂന്നാം കേരള നിയമസഭ

**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 238 | 10.06.2013-ൽ മറുപടിയ്ക്ക്

## നരിക്കാട്ടേരിയിലെ ബോംബ് സ്ഫോടനക്കേസ്സ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ഹംസ<br>ശ്രീമതി. കെ. കെ. ലതിക<br>ശ്രീ. സി കൃഷ്ണൻ<br>ശ്രീ. എ. പ്രദീപ്കുമാർ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ നരിക്കാട്ടേരിയിൽ ബോംബ് നിർമ്മാണത്തിനിടയിൽ അഞ്ചു മുസ്ലീം ലീഗ് പ്രവർത്തകർ കൊല്ലപ്പെട്ട കേസ്സിൽ അന്വേഷണം നടത്തുന്നത് ക്രൈം ബ്രാഞ്ച് ആണോ; എങ്കിൽ ഏത് ക്രൈംബ്രാഞ്ച് ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ;അന്വേഷണ സംഘത്തിലുള്ളവർ ആരൊക്കെ; | (എ) | പ്രസ്തുത കേസ് ക്രൈംബ്രാഞ്ച് വിഭാഗത്തിലെ കോഴിക്കോട് എച്ച്. എച്ച്. ഡബ്ല്യൂ - 3 യൂണിറ്റിലെ മുൻ പോലീസ് സൂപ്രണ്ട് ശ്രീ. സി.എം. പ്രദീപ് കുമാറിന്റെ നേതൃത്വത്തിൽ ശ്രീ. ദേവരാജൻ ( ഡിറ്റക്ടീവ് ഇൻസ്പെക്ടർ) , ശ്രീ. പി. കെ ധനഞ്ജയബാബു ( ഡിറ്റക്ടീവ് ഇൻസ്പെക്ടർ), ശ്രീ. വൽസരാജൻ ( എ. എസ്. ഐ), കൊയിലാണ്ടി പോലീസ് സ്റ്റേഷൻ, ശ്രീ. സി.പി.മുഹമ്മദ് ( ഗ്രേഡ് എസ്. ഐ), എടച്ചേരി പോലീസ് സ്റ്റേഷൻ, ശ്രീ. എ. പ്രദീപ് കുമാർ ( ഗ്രേഡ് എസ്. ഐ), ക്രൈം ഡിറ്റാച്ച്മെന്റ്, വടകര, ശ്രീ. സുരേന്ദ്രൻ ( എ. എസ്. ഐ) വളയം, ശ്രീ. രവീന്ദ്രൻ ( എസ്. സി.പി. ഒ), വളയം, ശ്രീ. അശോകൻ ( എസ്.സി.പി.ഒ) പെരുവണ്ണാമൂഴി, ശ്രീ. അശോകൻ ( സി.പി. ഒ) എടച്ചേരി, ശ്രീ. ഹരിദാസൻ ( സി.പി.ഒ), എടച്ചേരി, ശ്രീ. യൂസഫ് ( സി.പി.ഒ), എടച്ചേരി, ശ്രീ. മോഹൻദാസ് ( സി.പി.ഒ), വെള്ളയിൽ എന്നിവരായിരുന്നു അന്വേഷണ സംഘത്തിലുണ്ടായിരുന്നത്. |
| (ബി) | അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ കുറ്റപത്രം കോടതിയിൽ സമർപ്പിക്കാതിരിക്കുന്നത് | (ബി) | അന്വേഷണം പൂർത്തിയാക്കി കരട് കുറ്റപത്രം തയ്യാറാക്കിയിട്ടുണ്ട്. ഈ കേസിന്റെ ഗൂഢാലോചന വിദേശത്ത് വച്ച് നടന്നതായി |

| | | | |
|---|---|---|---|
| | എന്തുകൊണ്ടാണ്; വർഗീയകലാപം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെയുള്ള ഗൂഢാലോചന സംഭവത്തിന്റെ പിന്നിൽ ഉണ്ടായിട്ടുണ്ടോ; | | വെളിവായിട്ടുള്ളതിനാൽ പ്രോസിക്യൂഷൻ അനുമതി കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ടതായിട്ടുള്ളതിനാൽ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടില്ല. |
| (സി) | കുറ്റപത്രം സമർപ്പിക്കുന്നതിന് കേന്ദ്ര – സംസ്ഥാന സർക്കാരുകളുടെ അനുമതി തേടിയിട്ടുണ്ടോ; കേന്ദ്രാനുമതി തേടുന്നതിന്റെ കാരണം വെളിപ്പെടുത്താമോ; അനുമതികൾ ലഭിച്ചിട്ടുണ്ടോ ; ജില്ലാ ഭരണകൂടത്തിന്റെ പ്രോസിക്യൂഷൻ അനുമതി ലഭ്യമായിട്ടുണ്ടോ; എങ്കിൽ എപ്പോൾ; | (സി) | ഉണ്ട്. ഈ കേസിന്റെ ഗൂഢാലോചന വിദേശത്തു വച്ച് നടന്നതായി വെളിവായിട്ടുണ്ട്. ആയതിനാൽ നിലവിലുള്ള വ്യവസ്ഥ അനുസരിച്ചാണ് കേന്ദ്രാനുമതി തേടുന്നത്. അനുമതി ലഭിച്ചിട്ടില്ല. 15.04.2013 ന് ജില്ലാ മജിസ്ട്രേട്ടിന്റെ അനുമതി ലഭ്യമായിട്ടുണ്ട്. |
| (ഡി) | 2010 ഫെബ്രുവരി 26 - ന് നടന്ന പ്രസ്തുത സ്ഫോടന കേസിലെ അന്വേഷണ ഉദ്യോഗസ്ഥരെ എത്ര തവണ മാറ്റുകയുണ്ടായി; ഏതെല്ലാം ഘട്ടങ്ങളിൽ ഏതെല്ലാം ഉദ്യോഗസ്ഥരെ മാറ്റി പകരം ഏതെല്ലാം ഉദ്യോഗസ്ഥരെ നിയോഗിക്കുകയുണ്ടായി എന്ന് വിശദമാക്കുമോ? | (ഡി) | 05.03.2011 മുതൽ 27.03.2011 വരെ ഡിറ്റക്ടീവ് ഇൻസ്പെക്ടറായ ശ്രീ. ദേവരാജനായിരുന്നു ഈ കേസിന്റെ അന്വേഷണ ചുമതല. 31.03.2011 ൽ ഇദ്ദേഹം സർവ്വീസിൽ നിന്നും വിരമിച്ചതിനെ തുടർന്ന് ഡിറ്റക്ടീവ് ഇൻസ്പെക്ടറായ ശ്രീ. പി.കെ. ധനഞ്ജയബാബു 28.03.2011 മുതൽ 06.02.2013 വരെ അന്വേഷണം പൂർത്തിയാക്കി കരട് കുറ്റപത്രം തയ്യാറാക്കിയിട്ടുള്ളതും എന്നാൽ 07.02.2013 ന് ഇദ്ദേഹം സസ്പെൻഷനിലായതിനെ തുടർന്ന് ശ്രീ. എൻ. ബിശ്വാസ് (ഡിറ്റക്ടീവ് ഇൻസ്പെക്ടർ) 10.02.2013 മുതൽ അന്വേഷണം ഏറ്റെടുത്തു. |

സെക്ഷൻ ഓഫീസർ